"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നമ്പർ: ഡി.എം.എ3/477/2021-ഡി.എം.ഡി
ദുരന്ത നിവാരണ (എ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 26/10/2021

## പരിപത്രം

വിഷയം:- ദുരന്ത നിവാരണ വകുപ്പ് - പ്രകൃതിക്ഷോഭങ്ങളിൽ നാശനഷ്ടം സംഭവിക്കുന്ന റോഡുകളുടെ അടിയന്തിര പുനരുദ്ധാരണം - പ്രവൃത്തി നിർവ്വഹണത്തിലെ കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടികൾ - പ്രവൃത്തി മോണിറ്റർ ചെയ്യുന്നതിനും ഭൗതിക പരിശോധന നടത്തുന്നതിനുമുള്ള നടപടിക്രമങ്ങൾ സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:- 1) സ.ഉ(കൈ) നം.384/2012/ഡി.എം.ഡി., തീയതി 10.10.2012
2) സ.ഉ(കൈ) നം.3/2018/ഡി.എം.ഡി., തീയതി 27.03.2018
3) ബഹ:റവന്യൂ വകുപ്പുമന്ത്രി നടത്തിയ 12.10.2021-ലെ യോഗ തീരുമാനം

പ്രകൃതിക്ഷോഭങ്ങളിൽ നാശനഷ്ടം സംഭവിക്കുന്ന റോഡുകളുടെ അടിയന്തിര പുനരുദ്ധാരണ പ്രവൃത്തികൾ സംസ്ഥാന ദുരന്ത പ്രതികരണ നിധി വിനിയോഗിച്ചുകൊണ്ട് സമയബന്ധിതമായി നടപ്പാക്കുന്നതിന് സൂചന സർക്കാർ ഉത്തരവുകൾ പ്രകാരം വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം സംസ്ഥാന ദുരന്ത പ്രതികരണ നിധി വിനിയോഗിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ജില്ലാതലങ്ങളിൽ പരിശോധിക്കുന്നതും ഫണ്ട് കൈകാര്യം ചെയ്യുന്നതും മോണിറ്റർ ചെയ്യുന്നതും ജില്ലാ കളക്ടറിൽ നിക്ഷിപ്തമായ കർത്തവ്യമാണ്. ജില്ലാ പഞ്ചായത്ത്/മുൻസിപ്പാലിറ്റി/ കോർപ്പറേഷൻ എന്നിവയുടെ പരിധിയിൽ വരുന്ന പ്രവൃത്തികൾ അതാത് എഞ്ചിനീയറിംഗ് വിഭാഗത്തെക്കൊണ്ടും ഗ്രാമപഞ്ചായത്ത് പരിധിയിൽ വരുന്ന പ്രവൃത്തികൾ ബന്ധപ്പെട്ട പഞ്ചായത്ത് ഉൾപ്പെടുന്ന ബ്ലോക്ക് പഞ്ചായത്തുകളിലെ എഞ്ചിനീയറിംഗ് വിഭാഗത്തെക്കൊണ്ടും തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളുടെ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ അഭാവത്തിൽ മാത്രം പ്രവൃത്തി നടത്തേണ്ടുന്ന പ്രദേശത്തെ അധികാര പരിധിയിൽ വരുന്ന PWD (Spl.Buildings), PWD (Roads & Bridges) എന്നീ വിഭാഗങ്ങളിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെക്കൊണ്ടും നിർവ്വഹിക്കേണ്ടതാണ്. ആവശ്യമെങ്കിൽ പ്രസ്തുത പ്രവൃത്തികൾ ജില്ലാ നിർമ്മിതി കേന്ദ്രത്തെക്കൊണ്ടും നിർവ്വഹിക്കാവുന്നതാണ്.

സർക്കാരിൽ നിന്നും ഭരണാനുമതി നല്കുന്ന പ്രവൃത്തികൾ പൂർത്തീകരിച്ച ശേഷം ബന്ധപ്പെട്ട ജില്ലാ കളക്ടറേറ്റുകളിലെ ഡെപ്യൂട്ടി കളക്ടർമാർ മുഖേന പ്രവൃത്തിയുടെ ഭൗതിക പരിശോധന (Super Check) നടത്തുന്ന നിലവിലെ നടപടിക്രമം വളരെ തിരക്കുള്ള മറ്റ് ജോലികളിൽ വ്യാപൃതരാകേണ്ട അവരുടെ സമയം നഷ്ടപ്പെടുത്തുന്നതിനാൽ ബന്ധപ്പെട്ട താലൂക്ക് തലത്തിൽ അതിനുള്ള ക്രമീകരണം നടത്തുന്നതും കൂടാതെ പ്രവൃത്തി നടപ്പാക്കുന്ന ഘട്ടത്തിൽ താഴെ തട്ടിൽ മോണിറ്റർ ചെയ്യുന്നതിനുള്ള സംവിധാനം ആവിഷ്കരിക്കേണ്ടതും സംബന്ധിച്ച് സർക്കാർ വിശദമായി പരിശോധന

നടത്തുകയുണ്ടായി.

മേൽ സാഹചര്യത്തിൽ ഇത്തരം പ്രവൃത്തികളുടെ നിർവ്വഹണം കൃത്യവും സമയബന്ധിതവുമായി നടപ്പാക്കുന്നതിനായി ചുവടെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1) സംസ്ഥാന ദുരന്ത പ്രതികരണ നിധി വിനിയോഗിച്ചുകൊണ്ട് ഭരണാനുമതി നല്കുന്ന റോഡുകളുടെ പുനരുദ്ധാരണത്തിന്റെ ഘട്ടം ഘട്ടമായ നിർവ്വഹണം ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി/ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ നേതൃത്വത്തിൽ മോണിറ്റർ ചെയ്യേണ്ടതും ആയത് ജില്ലാ കളക്ടർമാർ ഉറപ്പാക്കേണ്ടതുമാണ്. പ്രവൃത്തികൾ നടപ്പാക്കുന്നതിന്റെ പുരോഗതി ജില്ലാ തലത്തിൽ മോണിറ്റർ ചെയ്യുന്നതിന് ഡെപ്യൂട്ടി കളക്ടർ (ദുരന്ത നിവാരണം)/ ദുരന്ത നിവാരണ വിഭാഗത്തിന്റെ ചുമതലയുള്ള ഡെപ്യൂട്ടി കളക്ടർമാരെ ജില്ലാ കളക്ടർമാർ ചുമതലപ്പെടുത്തേണ്ടതാണ്.

2) പ്രവൃത്തികൾ പൂർത്തീകരിക്കുമ്പോൾ ആയത് നടപ്പാക്കിയ എഞ്ചിനിയറിംഗ് വിഭാഗത്തിലെ ബന്ധപ്പെട്ട എഞ്ചിനിയർ പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത് സംബന്ധിച്ച സാക്ഷ്യപത്രം അടക്കമുള്ള രേഖകൾ സഹിതമാണ് ബില്ല് സമർപ്പിക്കുന്നത്. പ്രസ്തുത വേളയിൽ അനുവദിച്ച സ്ഥലത്ത് തന്നെയാണോ പ്രവൃത്തി നടപ്പാക്കിയിട്ടുള്ളതെന്നും ആയത് കൃത്യമായി പൂർത്തീകരിച്ചിട്ടുണ്ടോ എന്നും സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടാണോ നടപ്പാക്കിയിട്ടുള്ളത് എന്നും ജില്ലാ ദുരന്ത നിവാരണ വിഭാഗത്തിന്റെ തലവനായ ജില്ലാ കളക്ടർക്കുവേണ്ടി സ്ഥലപരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ബന്ധപ്പെട്ട താലൂക്കിലെ ഡെപ്യൂട്ടി തഹസിൽദാർമാരെ ചുമതലപ്പെടുത്തുന്നു. പ്രസ്തുത റിപ്പോർട്ട് ജില്ലാ കളക്ടർക്ക് ഡെപ്യൂട്ടി തഹസിൽദാർമാർ സമയബന്ധിതമായി സമർപ്പിക്കേണ്ടതാണ്. മേൽ മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

സാജു.എസ്.

അഡിഷണൽ സെക്രട്ടറി

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

കമ്മീഷണർ, ദുരന്ത നിവാരണം, തിരുവനന്തപുരം

ഡയറക്ടർ, നഗരകാര്യ വകുപ്പ്

ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്

എല്ലാ ജില്ലാ കളക്ടർമാർക്കും

മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, തിരുവനന്തപുരം

പകർപ്പ്:-ബഹു:റവന്യൂ വകുപ്പ്മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ദുരന്ത നിവാരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ-യ്ക്ക്

ദുരന്ത നിവാരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ്

ദുരന്ത നിവാരണ (ബി) വകുപ്പ്

വിവര പൊതുജന സമ്പർക്ക (വെബ്&ന്യൂ മീഡിയ) വകുപ്പ്

ദുരന്ത നിവാരണ (എ4) സീറ്റ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.